**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 252** **07-10-2024 - ൽ മറുപടിയ്ക്ക്**

**നിപ രോഗബാധ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. അബ്ദുൽ ഹമീദ്** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സമീപകാലത്തായി റിപ്പോർട്ട് ചെയ്തിട്ടുള്ള നിപ രോഗബാധയുടെ ഉറവിടം കണ്ടെത്തുവാൻ സാധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (എ) | നിപ്പ രോഗബാധ ഉണ്ടായ പാണ്ടിക്കാട് പരിസരപ്രദേശത്തുനിന്ന് ശേഖരിച്ച വവ്വാലുകളുടെ സാമ്പിളുകളിൽ നിപ്പ ആന്റി ബോഡി കണ്ടെത്തിയിട്ടുണ്ട്. മരണപ്പെട്ട 14 വയസ്സുകാരന് വവ്വാലുകളുടെ ശരീരസ്രവങ്ങൾ പുരണ്ട അമ്പഴങ്ങ കഴിച്ചതിൽ നിന്ന് രോഗം ബാധിച്ചതായാണ് അനുമാനിക്കുന്നത്. കൂടുതൽ നിഗമനങ്ങൾക്കായി ICMR -മായി ചേർന്ന് പഠനങ്ങൾ നടത്താൻ അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ആവർത്തിച്ച് വരുന്ന നിപ ബാധയും തുടർന്നുണ്ടാകുന്ന മരണങ്ങളും നിയന്ത്രിക്കുന്നതിന് ആരോഗ്യവകുപ്പ് സ്വീകരിച്ച നടപടികളെ സംബന്ധിച്ച് വ്യക്തമാക്കാമോ? | (ബി) | സംസ്ഥാനത്തെ നിപ പ്രതിരോധത്തിന്റെ ഭാഗമായി നിപ രോഗ സംശയവുമായി വരുന്ന രോഗികളെ ട്രയാജിംഗ്, എപ്പിഡെമിയോളജിക്കൽ റിസ്ക് അസ്സെസ്സ്മെന്റ്, ഐസൊലേറ്റ് ചെയ്യുന്നതിനും തുടർന്ന് പരിശോധനയ്ക്ക് അയക്കുന്നതിനും ചികിത്സിക്കുന്നതിനും വേണ്ട സൗകര്യങ്ങൾ മെഡിക്കൽ കോളേജുകളിൽ ഒരുക്കിയിട്ടുണ്ട്.<br><br>വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് വേണ്ടി "നിപ്പാ പ്രതിരോധ പ്രവർത്തനങ്ങളുടെ കലണ്ടർ" സ.ഉ.(സാധാ) നം.1709/2024/H&FWD തീയതി, 17/07/2024 പ്രകാരം അംഗീകരിച്ചു നടപ്പിലാക്കി വരുന്നു. ആയതിലേയ്ക്കായി മൃഗസംരക്ഷണ വകുപ്പ്, തദ്ദേശ സ്വയംഭരണ സംവിധാനങ്ങൾ, വനം വന്യജീവി വകുപ്പ് എന്നീ വകുപ്പുകളുമായി ചേർന്ന് ആരോഗ്യ വകുപ്പ് പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. സർക്കാർ/ സ്വകാര്യ മേഖലയിലെ ഡോക്ടർമാർക്ക് പരിശീലനം നൽകിയിട്ടുണ്ട്. ഐസൊലേഷൻ വാർഡുകൾ സജ്ജമാക്കിയിട്ടുണ്ട്.<br><br>നിപ്പാ രോഗബാധക്ക് കാരണങ്ങൾ കണ്ടെത്തുന്നതിന് കൂടുതൽ പഠനം നടത്തുന്നതിനുള്ള അംഗീകാരം |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുണ്ട്. കൂടാതെ നിപ്പ ചികിത്സക്ക് ആവശ്യമായ മോണോക്ലോണൽ ആന്റിബോഡികൾക്ക് വേണ്ടിയുള്ള ഗവേഷണങ്ങൾക്കും തുടക്കം കുറിച്ചിട്ടുണ്ട്. വിവിധ മാദ്ധ്യമങ്ങളിലൂടെയുള്ള അവബോധ പ്രവർത്തനങ്ങൾ നടത്തി വരുന്നു. താഴെ വീണുകിടക്കുന്നതോ, കടിച്ചതോ പാതി തിന്നതോ ആയ പഴങ്ങൾ കഴിക്കരുത് എന്ന നിർദ്ദേശം ദൃശ്യ ശ്രവ്യ മാധ്യമങ്ങൾ വഴിയും നേരിട്ടും പൊതുജനങ്ങൾക്ക് നൽകിയിട്ടുണ്ട്. സ്കൂളുകൾ വഴി വിദ്യാർത്ഥികൾക്ക് അവബോധം നൽകി, വാർഡ് ലെവൽ ഗ്രൂപ്പുകളുടെയും, മറ്റു സോഷ്യൽ മീഡിയ വഴിയും വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>നിപ പോലെയുള്ള മഹാമാരി സാധ്യയുള്ള രോഗങ്ങളെ പ്രതിരോധിക്കുന്നതിനായി കോഴിക്കോട് ആസ്ഥാനമായി കേരള വൺ ഹെൽത്ത് സെന്റർ ഫോർ നിപ റിസർച്ച് & റസയിലൻസ് എന്ന സ്ഥാപനം രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ